- കരങ്ങുപനി ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്കും രോഗബാധിതർക്കും പ്രത്യേക സാമ്പത്തികസഹായം നൽകാൻ ധാരണയായി. രോഗ ചികിൽസാകാലയളവിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യ വിതരണം ഉറപ്പാക്കിയിട്ടുണ്ട്.
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ ജില്ലയ്ക്ക് അനുവദിച്ചു.
- 19-2-2015-ന് കരങ്ങുപനിയുടെ വിവിധ വശങ്ങളെക്കുറിച്ച് കർണ്ണാടക സംസ്ഥാനത്തെ വിദഗ്ദ്ധരുമായി ഒരു കൂടിയാലോചനായോഗം സുൽത്താൻ ബത്തേരിയിൽ ചേരുകയും തുടർനടപടികൾക്ക് മാർഗ്ഗരേഖയുണ്ടാക്കുകയും ചെയ്തു.
- ഫെബ്രുവരി 16 മുതൽ 19 വരെ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ജില്ലയിൽ ക്യാമ്പ് ചെയ്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
- മൃഗസംരക്ഷണ വകുപ്പും, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് കുരങ്ങ് മരണമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലങ്ങളിൽ അണുനശീകരണ പ്രവർത്തനങ്ങൾ (ടിക് കൺട്രോൾ) നടത്തി വരുന്നു.
- രോഗബാധ സാധ്യതയേറെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധത്തിനും ചികിൽസയ്ക്കും പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കണ്ണറ മണ്ഡലത്തിലെ കിഡ്നി, ക്യാൻസർ രോഗബാധിതർ

26 (718) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണറ മണ്ഡലത്തിലും സമീപപ്രദേശങ്ങളിലും അടുത്തകാലത്തായി കിഡ്നി, ക്യാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനംനടത്തി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'അമൃതം' ആരോഗ്യ പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങൾക്കായുള്ള നിർണ്ണയ പരിശോധനകളും, ചികിത്സയും മരുന്നു വിതരണവും നടന്നുവരുന്നു. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ എല്ലാ വർഷവും ഗ്രാമപ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. കൊല്ലം നീണ്ടകരയിലും, പുനലൂർ താലൂക്ക് ആശുപത്രിയിലും ക്യാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ശയ്യാവലംബരായ രോഗികളെ പരിചരിക്കുവാൻ പാലിയേറ്റീവ് കെയർ പദ്ധതിയും നടപ്പിലാക്കിവരുന്നു.

കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റ്

27 (719) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly